**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1013** | **24-02-2022 - ൽ മറുപടിയ്ക്ക്**

**സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതിയുടെ ആവശ്യകത സംബന്ധിച്ചും സീതാർകുണ്ടിൽ നിന്നും ചുള്ളിയാർ ഡാമിലേയ്ക്ക് വെള്ളം പൈപ്പ് മാർഗ്ഗം എത്തിക്കുന്നതിനുവേണ്ടിയുള്ള അലൈൻമെന്റിന്റെ പഠനവും കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പീച്ചി നേതൃത്വത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഹൈഡ്രോളജി ഡിവിഷൻ തൃശ്ശൂരിന്റെ നേതൃത്വത്തിൽ സീതാർക്കുണ്ട് പ്രദേശത്തെ ജലലഭ്യതയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി തുടങ്ങുന്നതിനായി നിലവിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | പദ്ധതി പ്രദേശത്ത് നടത്തിയ സർവ്വേ പ്രവർത്തനങ്ങളുടെയും ഹൈഡ്രോളജിക്കൽ പഠനത്തിന്റെ അടിസ്ഥാനത്തിൽ സീതാർകുണ്ട് തോടിന് അത്തിക്കുണ്ടിൽ ഒരു വിയർ നിർമ്മിച്ച് പൈപ്പ് മാർഗ്ഗം പലകപ്പാണ്ടി വിയറിന്റെ നിലവിലുള്ള കനാൽ ശൃംഖല വഴി ചുള്ളിയാർ ഡാമിൽ വെള്ളം എത്തിയ്ക്കുന്നതിനുള്ള പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് KERI യുടെ കീഴിലുള്ള Investigation for Water Resource, Palakkad തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ